(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് രാഷ്ട്രീയസംഘടനകൾക്ക് പരസ്യം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടിക്ക്/സംഘടനയ്ക്ക് എന്തു തുകയ്ക്കുള്ള പരസ്യമാണ് നൽകിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. പത്രങ്ങൾ, സ്മരണികകൾ, തുടങ്ങിയ പ്രസിദ്ധീകരണങ്ങൾക്ക് പരസ്യം നൽകിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

169 (1901) പ്ലാന്റേഷൻ കോർപ്പറേഷനിലെ ലീഗൽ സെൽ

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ ലീഗൽ സെൽ ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(ബി) ഇവിടെ എത്ര നിയമബിരുദധാരികൾ ഉണ്ട്;

(സി) ഇവർക്ക് നൽകിയിട്ടുള്ള ജോലികൾ എന്താണ്;

(ഡി) ഇവരുടെ സേവനം വേണ്ടവിധം കോർപ്പറേഷൻ ഉപയോഗിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല. എന്നാൽ കോർപ്പറേഷനിൽ ഒരു ലീഗൽ ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(ബി) കോർപ്പറേഷന്റെ ഓഫീസർ/സ്റ്റാഫ് തസ്തികകളിലായി അഞ്ച് നിയമ ബിരുദധാരികൾ ഉണ്ട്.

(സി) ഇവർ താഴെ പറയുന്ന തസ്തികകളിൽ ജോലി ചെയ്യുന്നു.

1. ജനറൽ മാനേജർ (പി.ആന്റ്.എ.)
   (ഇപ്പോൾ സസ്പെൻഷനിൽ)
2. മാനേജർ (പി.ആന്റ്.എ.)
3. മാനേജർ (എഫ്.ആന്റ്.സി.)
4. പേഴ്സണൽ ഓഫീസർ
5. സ്റ്റെനോഗ്രാഫർ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

170 (1902) പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാർക്ക് ട്രെയിനിംഗ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജീവനക്കാർക്ക്/ഓഫീസർമാർക്ക് വേണ്ടി എത്ര ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം; ഇതിനോരോന്നിനും എത്ര തുക വീതം ചെലവായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly